**"ഭരണഭാഷ – മാതൃഭാഷ"**

നമ്പർ.DFB/807/2026-C1

"സുരക്ഷാഭവൻ"
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്
കുമാരപുരം, തിരുവനന്തപുരം-11
ഫോൺ : 0471-2441597
ഇ-മെയിൽ : directorate.fab@kerala.gov.in

തീയതി : 29-04-2026

**സർക്കുലർ നം. 10/2026**

**വിഷയം:** ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് – K-SAFE മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗം – നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ ഫാക്ടറികളിലെ സുരക്ഷാ നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുന്നതിനും, റിയൽ-ടൈം നിരീക്ഷണവും എമർജൻസി പ്രതികരണ സംവിധാനവും മെച്ചപ്പെടുത്തുന്നതിനുമായി K-SAFE (Kerala Spatial Administration for Factory Enforcement) മൊബൈൽ ആപ്ലിക്കേഷൻ 2026 മെയ് 1 മുതൽ നടപ്പിലാക്കിയിരിക്കുന്നു. എല്ലാ ഫാക്ടറി ഉടമകളും ഈ സംവിധാനത്തിന്റെ പ്രയോജനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി സുരക്ഷിതവും ഉത്തരവാദിത്വപരവുമായ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്.

**ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:**

1. എല്ലാ ഫാക്ടറി ഉടമകളും Google Play Store വഴി K-SAFE മൊബൈൽ ആപ്ലിക്കേഷൻ നിർബന്ധമായും ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്.
2. മൊബൈൽ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുന്ന സമയത്ത് ആവശ്യമായ എല്ലാ പെർമിഷനുകളും (Location, Camera, Storage, Notifications എന്നിവ) അനുവദിക്കേണ്ടതാണ്. പെർമിഷനുകൾ അനുവദിക്കാതിരുന്നാൽ ആപ്ലിക്കേഷന്റെ പ്രധാന സവിശേഷതകൾ പ്രവർത്തനക്ഷമമാകില്ല.
3. ഇൻസ്റ്റാളേഷൻ പൂർത്തിയായ ശേഷം, FABOS (Factories and Boilers Online System) ൽ നിലവിൽ ഉപയോഗിക്കുന്ന യൂസർ ഐ.ഡി,

പാസ്‌വേഡ് ഉപയോഗിച്ച് **K-SAFE** മൊബൈൽ ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യേണ്ടതാണ്. ഇതിനായി പ്രത്യേക രജിസ്ട്രേഷൻ ആവശ്യമില്ല.

4. ലോഗിൻ ചെയ്തതിന്റെ പിന്നാലെ, ഫാക്ടറി ഉടമകൾ തങ്ങളുടെ ഫാക്ടറികളുടെ പുതുക്കിയ കോൺടാക്ട് വിവരങ്ങൾ(**E Mail,Mobile Number,Whatsapp Number**) നൽകുകയും, **K-SAFE മൊബൈൽ ആപ്ലിക്കേഷൻ വഴി ഫാക്ടറി നിർബന്ധമായും ജിയോ-ടാഗ് ചെയ്യുകയും വേണം.**
5. ഫാക്ടറിയിൽ ബോയിലറുകൾ ഉള്ള സാഹചര്യത്തിൽ, അവയും **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ വഴി നിർബന്ധമായും ജിയോ-ടാഗ് ചെയ്യേണ്ടതാണ്.
6. **PPE (Personal Protective Equipment), FMS (Flammable Materials Storage), HTC (Hazardous & Toxic Chemicals), MHWF (Medical, Health & Welfare Facilities)** എന്നിവ ഉൾപ്പെടെയുള്ള എല്ലാ ഇൻവെന്ററി വിവരങ്ങളും കൃത്യമായി **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ വഴി ചേർക്കുകയും സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുകയും വേണം.
7. ഫാക്ടറി, ബോയിലർ സംബന്ധമായ എമർജൻസി റിപ്പോർട്ടിംഗ് സംവിധാനം **K-SAFE** മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാണ്. **Occupational Safety & Health (OSH)** സംബന്ധമായ എല്ലാ അടിയന്തര സാഹചര്യങ്ങളും **K-SAFE** മൊബൈൽ ആപ്പിലെ **S O S ഫീച്ചർ** ഉപയോഗിച്ച് ഉടൻ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
8. **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗവുമായി ബന്ധപ്പെട്ട വിശദമായ **User Manual (Malayalam & English)** ഈ സർക്കുലറോടൊപ്പം നൽകിയിട്ടുള്ളതാണ്. എല്ലാ ഫാക്ടറി ഉടമകളും മാനുവൽ ശ്രദ്ധാപൂർവ്വം പഠിച്ച് അതിലുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
9. **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും സംശയങ്ങൾ, സാങ്കേതിക പ്രശ്നങ്ങൾ, അല്ലെങ്കിൽ മാർഗ്ഗനിർദേശങ്ങൾ ആവശ്യമായ സാഹചര്യങ്ങളിൽ **fabgisnodalofficer@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലോ, ഹെൽപ്‌ലൈൻ നമ്പർ **8129088878 , 8129088848** വഴിയോ ബന്ധപ്പെട്ടാൽ ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നതാണ്.

ഫാക്ടറികളിലെ സുരക്ഷാ മാനദണ്ഡങ്ങൾ ഉയർത്തുന്നതിനും, അപകടങ്ങൾ തടയുന്നതിനും, എമർജൻസി സാഹചര്യങ്ങളിൽ

വേഗത്തിലുള്ള പ്രതികരണം ഉറപ്പാക്കുന്നതിനും **K-SAFE** സംവിധാനം നിർണായകമാണ്. അതിനാൽ, മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ഫാക്ടറി ഉടമകളും പാലിക്കേണ്ടതും, സംവിധാനം ഫലപ്രദമായി ഉപയോഗിച്ച് സുരക്ഷിത പ്രവർത്തനാന്തരീക്ഷം ഉറപ്പാക്കേണ്ടതുമാണ്.

Digitally signed by
P Pramod
Date: 01-05-2026
11:32:27

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

സ്വീകർത്താവ്: എല്ലാ ഫാക്ടറി ഉടമകൾക്കും